2024
മെയ്

കില
വാർത്താ പത്രിക

പൊള്ളുന്ന കേരളം 2
വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കൽ 3
ഹെൽത്ത് ഇൻസ്പെക്ടർ പരിശീലനം 4
സമ്മർ ഫുട്ബോൾ ക്യാമ്പ് 5
ഖരമാലിന്യ സംസ്ക്കരണം 6
ചോദ്യവും ഉത്തരവും 7

www.kila.ac.in KERALA INSTITUTE OF LOCAL ADMINISTRATION Volume 1, Issue 7 For Private Circulation Only

എസ്എസ്എൽസി പരീക്ഷാഫലം, ഉന്നതിയ്ക്കും നൂറിൽ നൂറ്....!

എസ്എസ്എൽസി പരീക്ഷാ ഫലം പ്രഖ്യാപിച്ചപ്പോൾ നൂറിൽ നൂറു മേനിയുമായി 'ഉന്നതി'യും! അട്ടപ്പാടിയിലെ അഗളി,പുതൂർ,ഷോളയൂർ സ്കൂളുകളിലെ വിദ്യാർത്ഥികൾ നൂറ് ശതമാനം വിജയം കൊയ്ത് ചരിത്രത്തിലിടം നേടിയതിന് കൈയ്യടി നേടുകയാണ് കിലയുടെ ഉന്നതി പാഠ്യ പദ്ധതിയും.

മുൻ വർഷങ്ങളെ അപേക്ഷിച്ച് വിജയ ശതമാനം നൂറിൽ നൂറാക്കുന്നതിൽ ഉന്നതി വഹിച്ച പങ്കു ചെറുതല്ലെന്ന് അധ്യാപകരും രക്ഷിതാക്കളും ഒരേ സ്വരത്തിൽ സാക്ഷ്യപ്പെടുത്തുന്നു.. ഇത് കിലയുടെ അഭിമാന നേട്ടം.! കുട്ടികൾക്ക് അക്കാദമികതലത്തിൽ അടിസ്ഥാനം ഉറപ്പിക്കുന്നതിനും പരീക്ഷയെയും ജീവിതത്തെയും അഭിമുഖീകരിക്കുന്നതിനും അവരുടെ സ്വത്വബോധത്തെയും ആത്മാഭിമാനത്തെയും ഉണർത്തുന്നതിലും ഉന്നതി വഹിച്ച പങ്ക് ചെറുതല്ലെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

ഉന്നതി പാഠ്യ പദ്ധതിയുടെ ഭാഗമായി 100% വിജയം കൈവരിച്ച കുട്ടികൾക്കുള്ള പുരസ്ക്കാര വിതരണം കില അസിസ്റ്റന്റ് ഡയറക്റ്റർ കെ.പി. ഉണ്ണികൃഷ്ണൻ നിർവ്വഹിയ്ക്കുന്നു. ബ്ലോക്ക് പ്രസിഡന്റ് മരുതി മുരുകൻ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കാളിയമ്മ മുരുകൻ, ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാമ്മൂർത്തി, അസിസ്റ്റന്റ് ജനമൈത്രി എക്സൈസ് ഇൻസ്പെക്റ്റർ രവികുമാർ, അഗളി ഹയർ സെക്കന്ററി സ്കൂൾ അധ്യാപിക നിഷ, ഷോളയൂർ സ്കൂളിലെ 10ാം ക്ലാസ് വിദ്യാർത്ഥി വിഘ്നേശ് എസ് എന്നിവർ സമീപം.

കിലഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺന്റെ നേതൃത്വത്തിലാണ് കുട്ടികൾക്കായി ഉന്നതി പാഠ്യ പദ്ധതി ഒരുക്കിയത്. ഉന്നതിയുടെ ഭാഗമായി 100% വിജയം കൈവരിച്ച കുട്ടികളെ കില അസിസ്റ്റന്റ് ഡയറക്റ്റർ കെ.പി ഉണ്ണികൃഷ്ണൻ അഭിനന്ദിച്ചു.

കുട്ടികൾക്കുള്ള പുരസ്കാര വിതരണം കെ.പി.ഉണ്ണികൃഷ്ണനും ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരും ചേർന്ന് നിർവ്വഹിച്ചു. ഉന്നതിയുടെ ആദ്യത്തെ പത്താംക്ലാസ് വിദ്യാർത്ഥികളായ 31 പേർക്കുള്ള അനുമോദന ട്രോഫികളുടെ വിതരണവുംനടത്തി. ചടങ്ങിൽ കോർഡിനേറ്റർ ഗോപി ഉന്നതി റിപ്പോർട്ട് അവതരിപ്പിയ്ക്കുകയും തുടർന്ന് കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിയ്ക്കുകയും ചെയ്തു.

പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആദ്യം ഷോളയൂർ സർക്കാർ സ്കൂളിലും പിന്നാലെ ഗവ.ട്രൈബൽ സ്കൂൾ പുതൂരിനും അഗളി സർക്കാർ സ്കൂളിനും പ്രത്യേകമായി കില ഒരുക്കിയ സംസ്ഥാന സർക്കാരിന്റെ പഠന പരിപോഷണ പദ്ധതിയാണ് ഉന്നതി. പദ്ധതിയ്ക്ക് തുടക്കം കുറിച്ച ഷോളയൂരിലെ ട്രൈബൽ സ്കൂളിൽ ഇത്തവണ 105 പേരാണ് പരീക്ഷ എഴുതിയതും നൂറ് ശതമാനം വിജയം കൈവരിച്ചതും. കഴിഞ്ഞ വർഷം 80ശതമാനം എന്നതിൽ നിന്നാണ് നൂറിൽ നൂറിലേക്കൊരു കുതിപ്പിന് ഉന്നതി കരുത്തായത്. പുതൂർ ട്രൈബൽസ്കൂളിൽ 33 വിദ്യാർത്ഥികളാണ് പരീക്ഷയെഴുതിയത്, ഇവിടെയും നൂറുശതമാനമാണ് വിജയം. പ്രത്യേകം പരിശീലനം ലഭിച്ച 20ഓളം ആനിമേറ്റർമാരെ നിയോഗിച്ചാണ് പഠനക്ലാസുകൾ കൈകാര്യം ചെയ്തിരുന്നത്.

അടിസ്ഥാനഭാഷ, ഗണിതശേഷി വികസനം, സാമൂഹിക വൈകാരിക വികസനം എന്നിവയ്ക്കും ക്ലാസുകളിൽ പ്രാധാന്യം നൽകി.

കൂടാതെ അവധിക്കാല ക്യാമ്പുകൾ, ഗൃഹ സന്ദർശനങ്ങൾ കമ്മ്യൂണിറ്റി ഇടപഴകലുകൾ, ഫീൽഡ് സന്ദർശനങ്ങൾ,ചലച്ചിത്ര പ്രദർശനം തുടങ്ങിയവയെല്ലാം ഒരുക്കിയാണ് കുട്ടികൾക്ക് പഠനത്തിന് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകിയിരുന്നത്. കിലയുടെ പദ്ധതി വിജയം അടിവരയിട്ടുറപ്പിക്കുകയാണ് അട്ടപ്പാടിയിലെ കുട്ടികളുടെ നൂറിൽ നൂറ്.

ബെസ്റ്റ് സിറ്റിസൺ കെയറിങ് അവാർഡ് കിലയ്ക്ക്

ബെസ്റ്റ് സിറ്റിസൺ കെയറിങ് അവാർഡ് ടെസ് സിഇഒ തൗസിഫ്.എ കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമണിന് കൈമാറുന്നു. കില അസിസ്റ്റന്റ് ഡയറക്റ്റർ കെ.പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്റ്റർ ഡോ.അമൃത കെ.പി.എൻ, കില ഹെൽപ്പ് ഡസ്ക് കൺസൾട്ടന്റുമാരായ സി.പി. സുനിൽ, എൻ.രേണുകുമാർ, കണ്ണൻ നായർ, ആർ.ബാലഗംഗാധരൻ, എസ്ആർജി അംഗങ്ങളായ ജിജു പി. അലക്സ്, സനൽ കുമാർ, നന്ദകുമാർ സി തുടങ്ങിയവർ സമീപം.

സർക്കാർ സേവനങ്ങൾക്കായുള്ള ഇന്ത്യയിലെ പ്രമുഖ ഓൺലൈൻ ചോദ്യോത്തര പ്ലാറ്റ്ഫോമായ ടെസിന്റെ 2023ലെ ബെസ്റ്റ് സിറ്റിസൺ കെയറിംഗ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് അവാർഡിൽ രണ്ടാം സ്ഥാനം നേടി കില.

ഓൺലൈൻ പ്ലാറ്റ്ഫോമിലെ സാധാരണക്കാരുടെ സംശയങ്ങൾക്ക് വ്യക്തവും വിജ്ഞാനപ്രദവും സമയബന്ധിതവുമായി ഉത്തരങ്ങൾ നൽകുന്നതിൽ പുലർത്തിയ മികവാണ് കിലയെ അവാർഡിനർഹമാക്കിയത്. അവാർഡ് കില ഡയറക്റ്റർ ജനറൽ ഡോ. ജോയ് ഇളമണിന്, ടെസ് സിഇഒ തൗസിഫ് എകെ സമ്മാനിച്ചു. ചടങ്ങിൽ കില അസിസ്റ്റന്റ് ഡയറക്റ്റർ കെ.പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്റ്റർ ഡോ.അമൃത കെ.പി.എൻ, കില ഹെൽപ്പ് ഡസ്ക് കൺസൾട്ടന്റുമാരായ സി.പി. സുനിൽ, എൻ.രേണുകുമാർ, കണ്ണൻനായർ, ആർ ബാലഗംഗാധരൻ, എസ് ആർജി അംഗങ്ങളായ ജിജു പി. അലക്സ്, സനൽ കുമാർ, നന്ദകുമാർ സി തുടങ്ങിയവരും സംബന്ധിച്ചു. പൗരക്ഷേമത്തോടുള്ള പ്രതിബദ്ധത പുലർത്തുകയും പൊതുജന സേവനത്തിൽ ഉന്നത നിലവാരം പുലർത്തുകയും ചെയ്യുന്നവരാണ് അവാർഡ് ജേതാക്കളെന്ന് തൗസിഫ് എ പറഞ്ഞു.കർണ്ണാടകസർക്കാരിന്റെ സകലമിഷനാണ് ഒന്നാംസ്ഥാനത്തെത്തിയത്.

കിലയുടെ കൊച്ചി സ്ട്രീറ്റ് വെണ്ടേഴ്സ് കാർട്ട് ഡിസൈനിന് അംഗീകാരം



കൊച്ചി സിറ്റി ഓഫ് ഡിസൈനിന്റെ ഭാഗമായി വഴിയോരക്കച്ചവടക്കാർക്കായുള്ള ഏകീകൃത കാർട്ടുകളുടെ ഡിസൈനിന് അംഗീകാരം.

സിറ്റി ഓഫ് ഡിസൈൻനോടനുബന്ധിച്ച് കില സമർപ്പിച്ച ഡിസൈനാണ് സ്ട്രീറ്റ് വെണ്ടേഴ്സ് കാർട്ടിനായി തിരഞ്ഞെടുക്കപ്പെട്ടത്.

കിലയും ഡിജി കോളെജ് ഓഫ് ആർക്കിടെക്ചറും തമ്മിലുള്ള ധാരണാപത്രമനുസരിച്ച് കോളേജിലെ വിദ്യാർത്ഥികളാണ് ഈ പ്രൊജക്റ്റിന് വേണ്ട ഡിസൈൻ ഒരുക്കിയിട്ടുള്ളത്.

കൊച്ചിയിലെ വഴിയോരക്കച്ചവടക്കാർക്കായി സവിശേഷമായ സ്റ്റാൻഡേർഡ് ഡിസൈൻ വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കിലയും ഡിജി കോളേജ് ഓഫ് ആർക്കിടെക്ചർ കൺസോർഷ്യവും സംയുക്തമായി ഒരുക്കിയ രൂപകൽപ്പന കൊച്ചിയുടെ സാംസ്കാരിക ഘടകങ്ങളെ ഉയർത്തിക്കാട്ടുകയും സംവേദനാത്മകഷോപ്പിംഗ് അനുഭവം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മുനിസിപ്പൽ കോർപ്പറേഷൻ ഉടൻ തന്നെ ഡിസൈൻ പുറത്തിറക്കും.കൊച്ചിൻസ്മാർട്ട് മിഷൻ ലിമിറ്റഡ്(സിഎസ്എംഎൽ)ആണ്പദ്ധതിയ്ക്ക് ഫണ്ട് നൽകുന്നത്.

പൊള്ളുന്ന കേരളം 'ചൂടിനെ നേരിടാം'
വേനൽ ചൂടിന്റെ പ്രതിരോധ മാർഗ്ഗങ്ങൾ

ഡോ. അമർ ഫൈറ്റിൽ

കേരളം ഇന്നു നേരിടുന്നചൂടും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും മുൻ നിർത്തി ചൂടിനെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങളെ കുറിച്ച് സീനിയർ പീഡിയാട്രീഷ്യൻ ഡോ. അമർ ഫെറ്റിൽ നയിച്ച ക്ലാസിൽ നിന്നും. മെയ് രണ്ടിനായിരുന്നു കിലയുടെ ആഭിമുഖ്യത്തിൽ ക്ലാസ് സംഘടിപ്പിച്ചത്.

വസ്ത്രധാരണം

അൽപ്പം അയവുള്ള ഇളം നിറമുള്ള കോട്ടൻ തുണികൾ കൊണ്ടുള്ള വസ്ത്രങ്ങൾ ഉപയോഗിക്കണം. റേഡിയേഷൻ വഴി എത്തുന്ന ചൂട് പുറംതള്ളാനുള്ള ത്വക്കിന്റെ പരിശ്രമത്തിന് തടയാവാതിരിക്കാനാണ് അയഞ്ഞ വസ്ത്രങ്ങൾക്ക് മുൻതൂക്കം നൽകുന്നത്. പുറമെ ജോലി ചെയ്യുന്നവരാണെങ്കിൽ പരമാവധി ശരീരം മറയ്ക്കുന്ന രീതിയിലുള്ള വസ്ത്രങ്ങളും തൊപ്പികളും ധരിക്കണം. വസ്ത്രങ്ങൾ കൃത്യസമയത്ത് മാറി വൃത്തിയാക്കി ഉപയോഗിക്കണം ചൂടിൽ വിയർപ്പ് വർധിക്കുകയും ഇതിലൂടെ ശാരീരിക ദുർഗന്ധം മുതൽ ത്വക്കിലെ ഫംഗസ് ഇൻഫെക്ഷനു വരെ സാധ്യത കൂടുതലാവുകയും ചെയ്യും.

ഭക്ഷണം - കൊഴുപ്പു കുറഞ്ഞ ഭക്ഷണം ഉത്തമം. വെള്ളരിയ്ക്ക, കുമ്പളങ്ങ പോലെ ജലാംശം കൂടുതലുള്ള പച്ചക്കറികൾ ഉപയോഗിക്കാവുന്നതാണ്. ഫ്രഷ് സാലഡ്,തൈര്,നാരങ്ങാ വെള്ളം എന്നിവയും നല്ലതാണ്. ഇറക്കുമതി ചെയ്ത പഴങ്ങൾ മാറ്റി നിർത്തി നാടൻ പഴവർഗ്ഗങ്ങളാണ് ഉപയോഗിക്കേണ്ടത്.

വെള്ളം

ഡീ ഹൈഡ്രേഷൻ കുറയ്ക്കാൻ വെള്ളം ഉള്ളിൽ ചെല്ലേണ്ടത് അവശ്യമാണ്. നമ്മുടെ ശ്വാസത്തിലൂടെ മുതൽ വിയർപ്പിലൂടെ വരെ ശരീരത്തിലെ ജലാംശം പുറത്തേക്ക് പോകുന്നുണ്ട്. ഉപ്പിട്ട കഞ്ഞിവെള്ളം, സംഭാരം, അൽപ്പം ഉപ്പും മധുരവും ചേർത്ത നാരങ്ങാ വെള്ളം, പഴച്ചാറുകൾ, വീട്ടിൽ തയ്യാറാക്കിയ ജ്യൂസുകൾ തുടങ്ങിയവ ഉപയോഗിക്കാം. വെള്ളം കുടിക്കുന്നതിന് പകരം ചായ, കാപ്പി,മദ്യം, എന്നിവയും ഷുഗർ കണ്ടന്റ് കൂടുതലുള്ള സോഫ്റ്റ് ഡ്രിങ്ക്സും ഒഴിവാക്കണം,അല്ലെങ്കിൽ ഡീ ഹൈഡ്രേഷന് കാരണമായേക്കും. പുറമേ നിന്നും ഐസ് ഇട്ടുവെള്ളം വാങ്ങിക്കുടിക്കുന്നത് തികച്ചും അനാരോഗ്യകരമാണ്, അത് വിവിധ ജലജന്യരോഗങ്ങൾക്ക്കാരണമായേക്കാം.

അകത്തളങ്ങളിലും കരുതൽ വേണം

സ്കൂൾ അവധിക്കാലങ്ങളായതിനാൽ ചെറിയ കുട്ടികളും പ്രായമായവരുമെല്ലാ വീടുകളിൽ തന്നെയായിരിക്കുന്ന സമയമാണിത്. വീടിന് പുറമെ മാത്രമല്ല അകത്തും സൂര്യാഘാതം ബാധിയ്ക്കാൻ സാധ്യത കൂടുതലാണ്. ഓടിട്ട വീടുകളെ അപേക്ഷിച്ച് കോൺക്രീറ്റ് കെട്ടിടങ്ങളിൽ ശക്തമായചൂടുണ്ടാവും. അകത്തെ ചൂടിൽ ചിലപ്പോൾ ശരീരം വരണ്ട് തളർന്നു പോകുന്ന അവസ്ഥയിലാവാനും അബോധാവസ്ഥയിലേക്കു വരെ നയിക്കാനും സാധ്യതയുണ്ട്.

ടെറസിന് മുകളിൽ ലൈറ്റ്കളർ പെയ്ന്റിങ്, പച്ച ഓല തട്ടുകളായി വിരിയ്ക്കൽ, കൃത്യമായ കർട്ടനുകളുടെ ഉപയോഗം എന്നിവ പരിധിവരെ ചൂട് തടയാൻ സഹായകമാവും. എയർ കണ്ടീഷണറുകൾ പുറത്തെ കാലാവസ്ഥയെ അപേക്ഷിച്ച് അധികം തണുപ്പിയ്ക്കുന്നതും അപകടകരമാണ്.

വാഹനങ്ങളാവുമ്പോൾ പരമാവധി ഓപ്പൺവിൻഡോ വാഹനങ്ങൾ ഉപയോഗിക്കണം. കുട്ടികളെയും പ്രായമായവരെയും ഗ്ലാസുകൾ അടച്ച് കാറിനുള്ളിൽ ഇരുത്തി പോകരുത്.

അംഗൻവാടികളിൽ കൊച്ചു കുട്ടികൾക്ക് തണലിനുള്ള മാർഗ്ഗങ്ങൾ സൃഷ്ടിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെയർ ടേക്കേഴ്സും-രക്ഷിതാക്കളും കൂട്ടായി പരിശ്രമിക്കണം. റഗുലർ ഇന്റർവെൽ ഫോർ വാട്ടർ ഡ്രിങ്കിങ് പോലുള്ളവ കുട്ടികളെ ശീലിപ്പിക്കുകയും കൃത്യമായ ഇടവേളകളിൽ മൂത്രമൊഴിക്കലും ഉറപ്പാക്കണം.

ഇല്ലെങ്കിൽ മൂത്രാശയ അണുബാധ പോലുള്ള പ്രശ്നങ്ങൾക്കും സാധ്യതയുണ്ട്. വാർധക്യത്തിന്റെ അവശതകൾ അനുഭവിയ്ക്കുന്ന ഓൾഡ് ഏജ് ഹോം അംഗങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകണം.

സൺബേൺ

ശക്തമായ ചൂടിന്റെ പരിണത ഫലങ്ങളിലൊന്നാണ് സൺബേൺ. ചൂടടിച്ച് സ്കിൻ കരിവാളിക്കുകയും, ചുവന്ന കളറാവുന്ന ത്വക്കിൽ കുമിളകളുണ്ടായി നീറ്റലും വേദനയും ചൊറിച്ചിലുമുണ്ടാക്കുന്നു. സൺബേൺ ഏറ്റാൽ ഉടൻ ശരീരം വെള്ളമൊഴിച്ച് തണുപ്പിക്കുക, കൂടുതൽ നേരം കുളിക്കുക(ഐസ് ഉപയോഗിക്കരുത്). ലോഷനുകൾ ഉപയോഗിക്കുകയും നനഞ്ഞ കൈകളോടെ മൃദുമായി പുരട്ടുകയും ചെയ്യാം. അതിനു മുൻപായി ചൂടിന്റെ തളർച്ചയ്ക്ക് വെയ്ലത്തു നിന്ന് മാറ്റി ഉപ്പിന്റെ അംശമുള്ള പാനീയങ്ങൾ നൽകേണ്ടത് അത്യാവശ്യമാണ്.

മാത്രമല്ല ഡോക്റ്ററെ കണ്ട് അവശ്യം വേണ്ട പരിശോധനകൾ കൂടി ചെയ്യണം.

സൂര്യാഘാതം

സൂര്യാഘാതം ഏറ്റാൽ വ്യക്തി പലപ്പോഴും അബോധാവസ്ഥയിലാകാൻ സാധ്യതയുണ്ട്. ഇത് മെഡിക്കൽ എമർജൻസി കേസാണ്, അടിയന്തിര ചികിത്സ ഉറപ്പാക്കണം. പ്രാഥമികമായി വസ്ത്രം ലൂസാക്കി വെയ്ലത്തു നിന്ന് മാറ്റി കിടത്തണം, ചാരി ഇരുത്തുന്നത് അപകടകരമാണ്.

ആൾക്കൂട്ടം ഒഴിവാക്കി വായു സഞ്ചാരം ഉറപ്പാക്കണം. പരമാവധി കാറ്റ്-തണുപ്പും കൊള്ളിക്കുക. ശരീരം നനച്ച് തുടയ്ക്കുക. ഐസിട്ട വെള്ളം ബോഡി ടെമ്പറേച്ചർ കുറക്കുന്നു.

ബോധമില്ലാത്തവരുടെ വായിൽ വെള്ളം ഒഴിക്കരുത്. വ്യക്തി സ്വബോധത്തിലേക്ക് വരികയും സുഖമായെന്ന് തോന്നുകയും ചെയ്താലും സൂര്യാഘാതം ഏറ്റ വ്യക്തിയ്ക്ക് മെഡിക്കൽ ചെക്കപ്പ് ഉറപ്പാക്കണം.

വീഡിയോ ഡോക്യുമെന്റേഷൻ പരിശീലനം



കിലയിലെ ഫാക്കൽറ്റികൾക്കും കോർഡിനേറ്റർമാർക്കുമായി സംഘടിപ്പിച്ച വീഡിയോ ഡോക്യുമെന്റേഷൻ പരിശീലനത്തിൽ കില ഫാക്കൽറ്റി ബിനു രാജ് കെ.എസ് സംസാരിക്കുന്നു. കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ, കില റിസോഴ്സ് പേഴ്സൺമാരായ ആദിൽ നവാസ്, ജിജോഷ് എ.കെ തുടങ്ങിയവർ സമീപം.

കിലഫാക്കൽറ്റികൾക്കും കോർഡിനേറ്റർമാർക്കുമായി വീഡിയോ ഡോക്യുമെന്റേഷനിൽ പരിശീലനം നൽകി. ഏപ്രിൽ 22, 23, 24 തിയതികളിലായിരുന്നു പരിശീലനം.

കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ വീഡിയോ ഡോക്യുമെന്റേഷന്റെ പ്രാധാന്യത്തെ കുറിച്ച് ആമുഖമായി സംസാരിച്ചു.

വീഡിയോ ഡോക്യുമെന്റേഷൻ എങ്ങനെ, എന്ത് എന്നതിൽ വ്യക്തമായ കാഴ്ചപ്പാട് നൽകുകയായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം.

വീഡിയോ ഡോക്യുമെന്റേഷൻ, സ്പാനിങ് ഫിലിം സാങ്കേതിക വിദ്യകൾ, സ്ക്രിപ്റ്റിങ്, എഡിറ്റിങ് തുടങ്ങി വിവിധ രീതികളിൽ പ്രാക്റ്റിക്കലും തിയറിയുമായുള്ള പരിശീലനമായിരുന്നു മൂന്നു ദിവസത്തെ ക്ലാസുകളിലായി നൽകിയത്. പരിശീലനാർത്ഥികൾ ഷൂട്ട് ചെയ്ത് എഡിറ്റ് ചെയ്ത വീഡിയോകളുടെ പ്രദർശനവും വിലയിരുത്തലും ഉണ്ടായിരുന്നു.

കിലയിലെ ഫാക്കൽറ്റികൾക്കും കോർഡിനേറ്റർമാർക്കുമായി സംഘടിപ്പിച്ച വീഡിയോ ഡോക്യുമെന്റേഷൻ പരിശീലനം

ആരോഗ്യ ഗ്രാമം, പരിശീലക പരിശീലനം

കിലയിൽ നടന്ന ആരോഗ്യ ഗ്രാമം പരിശീലകർക്കുള്ള പരിശീലനം ഉദ്ഘാടനം ചെയ്ത് കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു.

കിലയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ ഗ്രാമം പരിശീലക പരിശീലനം സംഘടിപ്പിച്ചു. കിലഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 29,30 തിയതികളിലായി നടന്ന പരിശീലനത്തിൽ കില ഫാക്കൽറ്റി ബിനു രാജ് കെ.എസ്. കോഴ്സ് ഡയറക്ടറായി.

കില റിസർച്ച് അസോസിയേറ്റ് സുകന്യ കെ.യു പഞ്ചായത്ത് വികസന സൂചിക എന്ന വിഷയത്തെ കുറിച്ച് സംസാരിച്ചു. കില റിസോഴ്സ് പെഴ്സൺമാരായ വി.വി.ദിനേശ് 'നാം ഇപ്പോൾ എവിടെനിൽക്കുന്നു', 'ജീവിതശൈലീരോഗങ്ങൾ-കേരളം എങ്ങോട്ട്' എന്നീ വിഷയങ്ങളിലും, സി.പി.സുരേഷ് ബാബു 'പകർച്ച വ്യാധികൾ' എന്ന വിഷയത്തിലും, സിബി അഗസ്റ്റിൻ 'സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം' എന്ന വിഷയത്തിലും ക്ലാസെടുത്തു. കോർഡിനേറ്റർമാരായ യദുകൃഷ്ണ ആർ.എസ്, നിവേദ്യ എം.എസ് തുടങ്ങിയവർ പരിശീലന മൊഡ്യൂൾ പരിചയപ്പെടുത്തി.

നെറ്റിപ്പട്ടം-ക്ലോത്ത് ബാഗ് നിർമ്മാണ പരിശീലനം നൽകി

കിലയുടെ മണ്ണുത്തിയിലെ സെന്റർ ഫോർ ഗുഡ് ഗവേണൻസിൽ വനിതകൾക്കായി അലങ്കാര നെറ്റിപ്പട്ടം-ക്ലോത്ത് ബാഗ് നിർമാണ പരിശീലനം സംഘടിപ്പിച്ചു. ഏപ്രിൽ 16 മുതൽ 18വരെയായിരുന്നു നെറ്റിപ്പട്ടം നിർമാണത്തിൽ പരിശീലനം. സിജിജി സെന്റർ പ്രിൻസിപ്പൽ ട്രീസ ജോസ് പരിശീലനം ഉദ്ഘാടനം നിർവഹിച്ചു. ലക്ചറർ റഷീദ് വി.പി. കോഴ്സ് കോർഡിനേറ്ററായിരുന്നു. എസ്എച്ച്ജി-കുടുംബശ്രീ അംഗങ്ങളായ വനിതകൾക്കായിരുന്നു പരിശീലനം നൽകിയത്. അനു.എം.ജി ആണ് പരിശീലകയായത്. നെറ്റിപ്പട്ടങ്ങൾക്ക് പുറമെ,കോലം,ആലവട്ടം,തിരുഉടയാട തുടങ്ങിയവയും നിർമ്മിക്കാനുള്ള പരിശീനവും നൽകുകയുണ്ടായി. ഏപ്രിൽ 22,23,24 തിയ്യതികളിലായി നടന്ന ക്ലോത്ത് ബാഗ് നിർമാണ പരിശീലനം പ്രിൻസിപ്പൽ ട്രീസ ജോസ് ഉദ്ഘാടനം ചെയ്തു. ലക്ചറർ മെഴ്സി ഐ.എഫ്.കോർഡിനേറ്ററായി. സന്ധ്യ.കെയാണ് പരിശീലനം നൽകിയത്. വിവിധ തരം ക്ലോത്ത് ബാഗുകൾ വൈവിധ്യമുള്ള കളർ പെയ്ന്റിങ്ങുകൾ ചെയ്തായിരുന്നു മനോഹരമാക്കിയത്. കൂടാതെ പെൻസിൽ പൗച്ച്,മൊബൈൽ പൗച്ച്,ബിഗ്ഷോപ്പറുകൾ തുടങ്ങിയവയുടെ നിർമാണത്തിലും ഇതോടൊപ്പം പരിശീലനം നൽകി.

കിലയുടെ സെന്റർ ഫോർ ഗുഡ് ഗവേണൻസിലെ നെറ്റിപ്പട്ട നിർമാണ പരിശീലനം ഉദ്ഘാട വേളയിൽ കോർഡിനേറ്റർ റഷീദ് വി.പി. സംസാരിക്കുന്നു. പ്രിൻസിപ്പൽ ട്രീസ ജോസ്, ലക്ചറർ റെനിൽ റോക്കി, ലക്ചറർ ഡോ.കവിത രാജ്, കോർഡിനേറ്റർ മെഴ്സി.ഐ.എഫ് തുടങ്ങിയവർ സമീപം.

ഗ്രാമീണ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കൽ : വിദ്യാർത്ഥികൾക്ക് പരിശീലനമൊരുക്കി കില

കിലയും ശ്രീ കേരളവർമ കോളേജ് തൃശൂർ, എഎംസി കോളേജ് ഒറ്റപ്പാലം എന്നിവയുമായി സഹകരിച്ച് ഗ്രാമീണ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുക' എന്ന വിഷയത്തെ ആസ്പദമാക്കി ദ്വിദിന പരിശീലന പരിപാടിക്ക് കില ക്യാമ്പസ് വേദിയായി.

ഏപ്രിൽ 29,30 തിയതികളിലായി നടന്ന പരിശീലന പരിപാടിയിൽ വിദ്യാർത്ഥികളും അധ്യാപകരും ഫാക്കൽറ്റി അംഗങ്ങളും ഉൾപ്പെടെ 60ഓളം പേർ സംബന്ധിച്ചു.

ആദ്യ ദിവസം രാവിലെ കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. കെ.പി.എൻ. അമൃത എന്നിവരുടെ നേതൃത്വത്തിൽ ആമുഖ സെഷനുകൾ അവതരിപ്പിച്ചു.

തുടർന്ന് കിലയിലെ ഫാക്കൽറ്റി അംഗമായ ബിനു രാജ് കെ.എസ്, കില കൺസൾട്ടന്റ് സജീവു കെ.ജി, രണ്ടു കോളെജുകളിലെയും അധ്യാപകർ തുടങ്ങിയവർ സംസാരിച്ചു.

കില റിസർച്ച് അസോസിയേറ്റ് സുകന്യ കെ യു, 2030-ഓടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്ഡിജികൾ) പ്രാദേശിക വൽക്കരിക്കുന്നതിന് ഊന്നൽ നൽകി.

കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയെക്കുറിച്ച് കില കൺസൾട്ടന്റ് രേണുകുമാർ. എം സംസാരിച്ചു.

കൺസൾട്ടന്റായ എം.ജി. കാളിദാസൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനങ്ങളിലെ സാമൂഹ്യനീതി ഇടപെടലിനെ അഭിസംബോധന ചെയ്തു. കേരളത്തിലെയും ഇന്ത്യയിലെയും തദ്ദേശ ഭരണ സംവിധാനത്തിന്റെ ചരിത്രം ബിനുരാജ് പറഞ്ഞു.

ഗ്രാമീണ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുക' പരിശീലന പരിപാടിയിൽ കില അസി.ഡയറക്റ്റർ (പരിശീലനം) ഡോ. അമൃത കെ.പി.എൻ സംസാരിയ്ക്കുന്നു.

ഡിസാസ്റ്റർ മാനേജ്മെന്റിൽ കില കൺസൾട്ടന്റ് ഡോ. ശ്രീകുമാറായിരുന്നു സെഷൻ അവതരണം നടത്തിയത്.

രണ്ടാം ദിവസം വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നുള്ള റിപ്പോർട്ട് അവതരണമുണ്ടായിരുന്നു. സാമ്പത്തിക മാനേജ്മെന്റ് രീതികളെക്കുറിച്ചും ഭരണത്തിലെ സാങ്കേതിക മുന്നേറ്റങ്ങളെക്കുറിച്ചും 'എൽഎസ്ജിയിലെ അക്കൗണ്ടിംഗ് പ്രാക്ടീസും ഐടി-എനേബിൾഡ് സിസ്റ്റങ്ങളും' എന്ന വിഷയം എം.മാത്യൂസ് കൈകാര്യം ചെയ്തു.

തുടർന്ന് കേരളത്തിലെ ലിംഗഭേദമന്യേ തദ്ദേശഭരണം' എന്ന വിഷയത്തിൽ ഡോ. അമൃത കെ.പി.എൻ സംസാരിച്ചു. കുടുംബശ്രീയെ കേന്ദ്രീകരിച്ച് തുടർന്നുള്ള സെഷൻ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ.കവിത നയിച്ചു.

കില കൺസൾട്ടന്റുമാരായ എം.ജി. കാളിദാസൻ, സജീവു കെ.ജി. എന്നിവരുടെ നേതൃത്വത്തിൽ ഫീൽഡ് വിസിറ്റ്, ഗ്രൂപ്പ് ചർച്ചകളും, ഫീഡ് ബാക്ക് എന്നിവയ്ക്കും ശേഷമാണ് പരിശീലനം സമാപിച്ചത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനത്തിൽ റിസോഴ്സ് പെഴ്സൺ കെ.ജി. ശശികല ക്ലാസെടുക്കുന്നു.

വുമൺ ഫെസിലിറ്റേറ്റർമാർക്ക് ത്രിദിന പരിശീലനം നൽകി

കിലയിൽ ജെന്റർ റിസോഴ്സ് സെന്റർ കമ്മ്യൂണിറ്റി വുമൺഫെസിലിറ്റേറ്റർമാർക്കുള്ള ത്രിദിന പരിശീലനം നൽകി. ഏപ്രിൽ 22 മുതൽ 24വരെ നടത്തിയ പരിശീലനത്തിൽ കില ഡയറക്റ്റർ ജനറൽ ഡോ. ജോയ് ഇളമൺ ആമുഖം അവതരിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്റ്റർ (പരിശീലനം) ഡോ.അമൃത കെ.പി.എൻ ക്യാമ്പിനെ കുറിച്ച് വിശദീകരണം നൽകി.

ആദ്യദിനം രാവിലെ നടന്ന സെഷനിൽ ഫെസിലിറ്റേഷൻ എന്ത് ? എങ്ങനെ എന്ന വിഷയത്തിൽ രോഹിണി മുത്തൂർ ക്ലാസെടുത്തു. പഞ്ചായത്തീരാജും വനിതാ വികസനവും എന്ന വിഷയം ഉച്ചക്കു ശേഷം പ്രീതി ഉണ്ണികൃഷ്ണൻ, ജെൻഡർ ആശയങ്ങളെ ശശികല കെ.ജി, ലൈംഗീകതയെ മനസ്സിലാക്കൽ-സന്തോഷ് കുമാർ കെ.സി എന്നിവരും ലിംഗ നീതിക്കായുള്ള സംവിധാനങ്ങൾ എന്ന വിഷയത്തിൽ അനിതാ ബാബുരാജും ഓഫീസ് മാനെജ്മെന്റ് ദിമിത്രോവ് കെ.ജിയും ജെന്റർ റിസോഴ്സ് സെന്റർ-ശശികല കെ.ജിയും ഡോക്യുമെന്റേഷനിൽ ആർ. ബാലകൃഷ്ണനും എൽസ ജോർജ്ജും ക്ലാസെടുത്തു.

ജനപ്രതിനിധികൾക്ക് ദ്വിദിന ശിൽപ്പശാല

സേവനവകാശം- ഗ്രാമ പഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങളും നിബന്ധനകളും എന്ന വിഷയത്തിൽ ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ കാര്യശേഷി വികസനം ലക്ഷ്യമാക്കിയുള്ള പരിശീലനത്തിനു മുന്നോടിയായി ശിൽപ്പശാല സംഘടിപ്പിച്ചു.

കിലയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിശീനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കുന്നതിനായി, ദ്വിദിന ശിൽപ്പശാലയാണ് ഏപ്രിൽ 17-18, 29-30 തീയതികളിലായി നടന്നത്.

തൃശൂർ മുളംങ്കുന്നത്തുകാവിലുള്ള കില ആസ്ഥാനത്തു നടന്ന ശിൽപ്പശാലയിൽ വിവിധ മേഖലകളിലെ റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു.

സേവനാവകാശം ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങളും നിബന്ധനകളും എന്ന വിഷയത്തിൽ നൽകിയ പരിശീലനത്തിൽ കില കൺസൾട്ടന്റ് രേണുകുമാർ ക്ലാസെടുക്കുന്നു

ഹെൽത്ത് ഇൻസ്പെക്റ്റർ പരിശീലനവും ശിൽപ്പശാലയും സംഘടിപ്പിച്ചു

ഹെൽത്ത് ഇൻസ്പെക്റ്റർമാർക്കുള്ള പരിശീലന പരിപാടിയുടെ മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാലയിൽ കില ഡയറക്റ്റർ ജനറൽ ഡോ. ജോയ് ഇളമൺ സംസാരിക്കുന്നു.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്റ്റർമാർക്കുള്ള പരിശീലന പരിപാടിയുടെ മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാല സംഘടിപ്പിച്ചു.

കിലയിൽ സംഘടിപ്പിച്ച ശിൽപശാലയിൽ വിവിധ മേഖലയിൽ നിന്നുള്ള റിസോഴ്സ് പെഴ്സൺമാർ പങ്കെടുത്തു.

ഏപ്രിൽ 19-20,27-28 തിയ്യതികളിലായരുന്നു ശിൽപ്പശാല.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാലിന്യ മുക്ത നവകേരളം ക്യാംപെയ്നിന്റെ ഭാഗമായുള്ള പുതിയ ചുമതലാ നിർവഹണത്തിനോടനുബന്ധിച്ചുള്ള പരിശീലനം താൽക്കാലികമായി നിയമിക്കപ്പെട്ട ഹെൽത്ത് ഇൻസ്പെക്റ്റർമാർക്ക് നൽകുകയാണ് ലക്ഷ്യം.

കുടുംബശ്രീ ശിൽപ്പശാലയും പരിശീലനവും സംഘടിപ്പിച്ചു

കുടുംബശ്രീയുടെ 2024-25 സാമ്പത്തികവർഷത്തെ വാർഷിക കർമ്മപദ്ധതി ശിൽപ്പശാലയും കുടുംബശ്രീ സ്പെഷ്യൽ ഉപജീവന പദ്ധതിയായ കെ.ലിഫ്റ്റ് പരിശീലനവും ഏപ്രിൽ ആറ് മുതൽ എട്ടു വരെ തൃശൂർ കില ക്യാമ്പസിൽ സംഘടിപ്പിച്ചു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്റ്റർ ജാഫർ മാലിക് ഐഎഎസ് ഉദ്ഘാടനം നടത്തി.

കണ്ണൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഉൽപ്പന്നങ്ങളുടെ വിതരണോദ്ഘാടനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്റ്റർ ജാഫർ മാലിക് ഐഎഎസ് കില ഡയറക്റ്റർ ജനറൽ ഡോ. ജോയ് ഇളമണിന് കൈമാറി നിർവഹിക്കുന്നു.

കില ഡയറക്റ്റർ ജനറൽ ഡോ. ജോയ് ഇളമൺ അധ്യക്ഷത വഹിച്ചു. സംഘടനാ ശാക്തീകരണം, സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ, സാമൂഹ്യ വികസന പ്രവർത്തനങ്ങൾ, ജൻഡർ പ്രവർത്തനങ്ങൾ, കാർഷിക മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ, കുടുംബശ്രീ എംഐഎസ്, കേന്ദ്രവിഷ്കൃത പദ്ധതികളായ NULM, PMAY, സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ, മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, ട്രൈബൽ മേഖലയിലെ പ്രത്യേകതകൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ഈ സാമ്പത്തിക വർഷം ചർച്ച നടത്തുകയും അവതരണം നടത്തുകയും ചെയ്തു.

കൂടാതെ 2004-25 സാമ്പത്തികവർഷം മൂന്നുലക്ഷം ഉപജീവനം ഉറപ്പുവരുത്തുന്ന കുടുംബശ്രീ നടപ്പിലാക്കുന്ന കെ ലിഫ്റ്റ് പദ്ധതിയെ കുറിച്ചുള്ള ശിൽപ്പശാലയും സംഘടിപ്പിച്ചു.

വിവിധ വിഷയങ്ങൾക്ക്, പ്രോഗ്രാം ഓഫീസർമാരായ ജഹാംഗീർ, ഡോ. ശ്രീജിത്ത്, ഡോ. ഷാനവാസ്, പ്രദീപ്, ശ്രീകാന്ത്, നവീൻ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ നിഷാദ് സിസി, അനീഷ് കുമാർ, പ്രഭാകരൻ, മുഹമ്മദ് ബഷീർ, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ വിദ്യ, മുനീറ, മാത്യു എന്നിവർ സിൽപ്പശാല, പരിശീലനം എന്നിവയ്ക്ക് നേതൃത്വം നൽകി.

കുട്ടികൾക്ക് സൗജന്യ സമ്മർ ഫുട്ബോൾ ക്യാമ്പുമായി കില

കുട്ടികൾക്കുള്ള സൗജന്യ സമ്മർഫുട്ബോൾ ക്യാമ്പിന് കിലയിൽ തുടക്കമായി. മെയ് അഞ്ചിന് കില ഫുട്ബോൾ ഗ്രൗണ്ടിൽ ആരംഭിച്ച ഫുട്ബോൾ ക്യാമ്പിൽ 14 വയസിൽ താഴെയുള്ള കുട്ടികളാണ് പങ്കെടുക്കുന്നത്. ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ 31 പേരാണ് ക്യാമ്പിന്റെ ഭാഗമായി പരിശീലനം നേടുന്നത്. ജഴ്സിയും ഫുട്ബോളും അടക്കം സൗജന്യമായാണ് കുട്ടികൾക്കായി കില പരിശീലനമൊരുക്കിയിരിക്കുന്നത്. ഫിഫ അംഗീകാരമുള്ള കോച്ച് ബാബു ജോണിന്റെ കീഴിലാണ് 31 കുട്ടികൾക്കും പരിശീലനം നൽകിയത്.

കുട്ടികൾക്കായി കില സംഘടിപ്പിച്ച ഫുട്ബോൾ ക്യാമ്പിന് തുടക്കം കുറിച്ചപ്പോൾ.

ക്രിസ്പ് ഫെല്ലോഷിപ്പ് ഇന്റക്ഷൻ പ്രോഗ്രാം

ക്രിസ്പ് ഫെല്ലോഷിപ്പ് ഇന്റക്ഷൻ പ്രോഗ്രാം ഏപ്രിൽ 11,12 തിയതികളിലായി കിലയിൽ സംഘടിപ്പിച്ചു.

ക്ലീൻ കേരള ആന്റ് പീപ്പിൾസ് പ്ലാൻ ക്യാംപെയ്ൻ എന്ന വിഷയത്തിൽ സീനിയർ അർബൻ ഫെല്ലോ ഡോ.രാജേഷ്, ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ചിൽ അസോസിയേറ്റ് പ്രൊഫ.ഡോ.മോനിഷ് ജോസ്, ബാക്ക് ഗ്രൗണ്ട് ഓഫ് എസ്ഡിജിസ് ആന്റ് ലോക്കലൈസേഷൻ ഓഫ് എസ്ഡിജിസ് കില സീനിയർ ട്രെയ്നിങ് കോർഡിനേറ്റർ യദു കൃഷ്ണ ആർ.എസ് തുടങ്ങിയവർ ക്ലാസെടുത്തു. കില ട്രെയ്നിങ് അസോസിയേറ്റ് ഷൈജു.എം കോർഡിനേറ്ററായി.

കിലയിൽ സംഘടിപ്പിച്ച ക്രിസ്പ് ഫെല്ലോഷിപ്പ് ഇന്റക്ഷൻ ക്യാംപിൽ സീനിയർ ട്രെയ്നിങ് കോർഡിനേറ്റർ യദുകൃഷ്ണ ആർ.എസ്. സംസാരിയ്ക്കുന്നു.

കിലയിൽ നടന്ന ഭിന്നശേഷി സൗഹൃദ പ്രാദേശിക സർക്കാർ കൈപ്പുസ്തകം തയ്യാറാക്കൽ ശിൽപ്പശാല (വലത്ത്)
കില ഡയറക്റ്റർ ജനറൽ ഡോ. ജോയ് ഇളമൺ സംസാരിക്കുന്നു (ഇടത്ത്)

അർബൻ ഒബ്സർവേറ്ററി: റിവ്യൂ യോഗം ചേർന്നു

ക്രിസിലിന്റെ അർബൻ ഒബ്സർവേറ്ററി റിവ്യൂ മീറ്റിങ്ങിൽ കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു, കില അർബൻ ചെയർ പ്രൊഫ. ഡോ. അജിത് കാളിയത്ത് സമീപം.

ക്രിസിലിന്റെ അർബൻ ഒബ്സർവേറ്ററി, അർബൻ പോളിസി ഡ്രാഫ്റ്റുകളുടെ സ്റ്റേറ്റ് ഓഫ് ഡാറ്റ റിപ്പോർട്ട് റിവ്യൂ യോഗം കിലയിൽ ചേർന്നു.

നഗര നയത്തിന് രൂപരേഖ തയ്യാറാക്കൽ ചുമതലയനുസരിച്ച് ക്രിസിൽ തയ്യാറാക്കിയ റിപ്പോർട്ടാണ് ഏപ്രിൽ 19ന് നടന്ന യോഗത്തിൽ വിലയിരുത്തിയത്. നിലവിൽ റിപ്പോർട്ടിലുള്ള പ്രശ്നങ്ങളെ മനസ്സിലാക്കുകയും പഠിക്കുകയും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചു ചർച്ച ചെയ്യുകയും ചെയ്തു.

നഗര നയത്തിന്റെ ഭാഗമായി അർബൻ പോളിസി ഡ്രാഫ്റ്റ് ഉണ്ടാക്കുക, അർബൻ ഒബ്സർവേറ്ററി-പുതിയ പഠനങ്ങൾ വികസിപ്പിക്കുക തുടങ്ങിയ കാര്യങ്ങളാണ് ക്രിസിലിനെ ചുമതലപ്പെടുത്തിയിരുന്നത്.

ഇതിന്റെ ഭാഗമായാണ് അർബൻ ഒബ്സർവേറ്ററി സ്റ്റേറ്റ് ഓഫ് ഡാറ്റ റിപ്പോർട്ട് തയ്യാറാക്കിയത്.

പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടിക്കാണാനും അതിനോട് പ്രതികരിക്കാനുമുള്ള സംവിധാനങ്ങളാണ് അർബൻ ഒബ്സർവേറ്ററി കൊണ്ട് ലക്ഷ്യമിടുന്നത്.

2020ൽകില സമർപ്പിച്ച പ്രൊജക്റ്റിന് കെഎഫ്ഡബ്ല്യു ഫണ്ട് ചെയ്ത പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഈ റിപ്പോർട്ട് ഒരുക്കുന്നത്.

പദ്ധതിയുടെനോഡൽ ഏജൻസികിലയും കൺസൾട്ടന്റ് ക്രിസിലുമാണ്.

അർബൻ ഡയലോഗ്സ് ശ്രദ്ധേയമായി

കിലയുടെ ആഭിമുഖ്യത്തിൽ നഗരാസൂത്രണവും രൂപകൽപ്പനയും : നയം, പ്രാക്ടീസ്, പെഡഗോഗി എന്നിവയിലെ നൂതനാശയങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി കേരള അർബൻ ഡയലോഗ്സ് സംഘടിപ്പിച്ചു.

ഏപ്രിൽ 22ന് നടന്ന ചർച്ചയിൽ ഐഐടിആർ ഡിഎപി പ്രൊഫസർ ഗൗരവ് രഹേജ സ്വാഗതം ആശംസിച്ചു.

കില അർബൻ ചെയർ പ്രൊഫസർ ഡോക്ടർ അജിത് കാളിയത്ത് ആമുഖം അവതരിപ്പിച്ചു. ഐഐടിആർ അസോസിയേറ്റ് പ്രൊഫസർ ഉത്തംകുമാർ മുഖ്യപ്രഭാഷണം നിർവഹിച്ചു.

മിനിസ്റ്ററി ഓഫ് ഹൗസിങ് ആന്റ് അർബൻ അഫയേഴ്സ് ഹൈലവൽ കമ്മറ്റി അർബൻ പ്ലാനിങ്ങിലെ ആർ.ശ്രീനിവാസ് ആദ്യ സെഷനിൽ മോഡറേറ്ററായി.

വേൾഡ് ബാങ്ക് അർബൻ മൊബിലിറ്റി എക്സ്പെർട്ട് സഞ്ജീവ് കുമാർ ലോഹിയ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യ -പ്രസിഡന്റ് എൻ.കെ. പട്ടേൽ എന്നിവർ സംസാരിച്ചു.

രണ്ടാമത്തെ സെഷനിൽ ഐഐടിആർ പ്രൊഫസർ അരിന്ദാം ബിശ്വാസ് മോഡറേറ്ററായപ്പോൾ അമിറ്റി സ്കൂൾ ഓഫ് ആർക്കിടെക്ചർ ആന്റ് പ്ലാനിങ്ങിലെ പ്രൊഫ.അമിത് ഹജേല (മുൻ ഡയറക്ടർ, അമിറ്റി സ്കൂൾ ഓഫ് ആർക്കിടെക്ചർ ആന്റ് പ്ലാനിങ്), പ്രൊഫ.പി.എസ്.എൻ. റാവു(മെമ്പർ കോ-കൺവീനർ മിനിസ്റ്ററി ഓഫ് ഹൗസിങ് ആന്റ് അർബൻ അഫയേഴ്സ് ഹൈലവൽ കമ്മറ്റി ഓൺ അർബൻ പ്ലാനിങ്) എന്നിവർ പ്രഭാഷകരായി.

ഊർജസ്വലമായ നഗര സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നഗര ആസൂത്രണത്തിലും രൂപകൽപ്പനയിലും നയവും പരിശീലനവും അധ്യാപനവും തമ്മിലുള്ള പരസ്പരബന്ധം പര്യവേക്ഷണം ചെയ്യുക എന്ന ലക്ഷ്യവുമായാണ് ചർച്ചകൾ നടത്തിയത്.

ഖരമാലിന്യ സംസ്ക്കരണ സാങ്കേതിക വിദ്യ : സംസ്ഥാനതല പരിശീലനം സംഘടിപ്പിച്ചു

കേരള ഖരമാലിന്യ പരിപാലന പദ്ധതി ജില്ലാ തല ഡെപ്യൂട്ടി കോ-ഓർഡിനേറ്റർമാർ, എൻവയോൺമെന്റൽ എഞ്ചിനീയർ, നഗരസഭാ തലത്തിൽ പ്രവർത്തിക്കുന്ന എഞ്ചിനീയർമാർ എന്നിവർക്കുള്ള സംസ്ഥാന പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ് ത്രിദിന പരിശീലനം സംഘടിപ്പിച്ചു.

കെഎസ്ഡബ്ല്യുഎംപി കിലയുടെ പിന്തുണയോടെയാണ് പരിശീലനം സംഘടിപ്പിച്ചത്.

ഖരമാലിന്യ പരിപാലന നിയമങ്ങളും ചട്ടങ്ങളും, ജൈവമാലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾ, അവയുടെ ഡിസൈൻ, അജൈവ മാലിന്യങ്ങളുടെ പരിപാലനം, അടിസ്ഥാന സൗകര്യ നിർമ്മാണം, ഖരമാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കൽ, മറ്റുള്ള മാലിന്യങ്ങളുടെ സംസ്കരണ സാങ്കേതിക വിദ്യകൾ, പ്രൊക്യൂർമെന്റ്, ഡിപിആർ തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നടത്തിയത്.

അതോടൊപ്പം തന്നെ കുന്നംകുളം നഗരസഭാ വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, തൃശൂർ നഗരസഭ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ എന്നിവയുടെ ഫീൽഡ് സന്ദർശനവും പരിശീലർത്ഥികൾക്കായി ഉണ്ടായിരുന്നു.

എസ്ഡബ്ല്യുഎം ടെക്നോളജിയുമായി ചേർന്ന് കില ഹെഡ് ക്വാർട്ടേഴ്സിൽ നടത്തിയ ഖരമാലിന്യ സംസ്ക്കരണ പരിശീലനത്തിൽ പങ്കെടുത്തവർ കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമണിനോപ്പം

കില ഹെഡ് ക്വാർട്ടേഴ്സ്, കില സിഎച്ച്ആർഡി കൊട്ടാരക്കര എന്നിവടങ്ങളിലായി മൂന്നു ബാച്ചുകളായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്ന 110 പേരാണ് പങ്കെടുത്തത്.

കെഎസ്ഡബ്ല്യുഎംപി അസിസ്റ്റന്റ് ഡയറക്ടർ രഞ്ജു ആർ പിള്ള, അർബൻ സാനിറ്റേഷൻ ടെക്നിക്കൽ എക്സ്പെർട്ട് ജയകുമാർ, കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിങ് എക്സ്പെർട്ട് സുനിൽ കുമാർ, കില ട്രെയിനിങ് കോഓർഡിനേറ്റർ ശ്രീജ കെ, അസിസ്റ്റന്റ് ട്രെയിനിങ് കോഓർഡിനേറ്റർ ദൃശ്യവിശ്വൻ എന്നിവരാണ് ഈ പരിശീലന പരിപാടിക്ക് നേതൃത്വം നൽകിയത്.

? പ്രാദേശിക സർക്കാരിലെ ജനപ്രതിനിധികൾക്ക് അവധിയിലിരിക്കുന്ന കാലത്തേക്ക് ഓണറേറിയത്തിന് അർഹതയുണ്ടോ?

1995ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 3ബി പ്രകാരം അവധിയിലിരിക്കുന്ന ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

എന്നാൽ പ്രസവ സംബന്ധമായ ആവശ്യങ്ങൾക്ക് അവധിയിലായിരിക്കുന്ന വനിതാ അംഗങ്ങൾക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. 02.07.2012 മുതലാണ് ഈ ഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുള്ളത്. s(ro. no.507/2012).

1995ലെ കേരള മുനിസിപ്പാലിറ്റി (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിൽ ഇത്തരത്തിൽ ഭേദഗതി വന്നിട്ടില്ല. ആകയാൽ നഗരസഭയുടെ അനുമതിയോടു കൂടി അവധിയിൽ പ്രവേശിക്കുന്ന നഗരസഭ കൗൺസിലർമാർക്ക് ആറു മാസം വരെ ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. (ചട്ടം 3 (ബി).)

? ഒരു നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി വാടകയ്ക്ക് എടുത്ത ആൾ ആരോഗ്യപരമായ കാരണങ്ങളാൽ ലൈസൻസ് അവകാശം തന്റെ മകന്റെ പേരിലേക്ക് മാറ്റി നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ഇത്തരത്തിൽ കൈമാറ്റം അനുവദിക്കാമോ?

ഉത്തരം: 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 215(4)ലെ നിബന്ധന (provisio) പ്രകാരം ലൈസൻസിയുടെ അപേക്ഷ പ്രകാരം, മുനിസിപ്പൽ കൗൺസിലിന് യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾ പ്രകാരം കടമുറിയിൽ വ്യാപാരം ചെയ്യുന്നതിനുള്ള അവകാശം കൈമാറ്റം ചെയ്തു നൽകാം. ഇത്തരം കൈമാറ്റം പുതിയ ലൈസൻസായി പരിഗണക്കുന്നതായിരിക്കും.

(സമാനമായ വ്യവസ്ഥകൾ കേരള പഞ്ചായത്ത് രാജ് ആക്ടിലോ 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലോ കാണുന്നില്ല. എന്നാൽ വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും ചട്ടത്തിലെ ഫാറം iii വാടക കരാർ പത്രത്തിൽ വാടകക്കാരൻ എന്നാൽ അയാളുടെ അവകാശികളും ഉൾപ്പെടുന്നതാകുന്നു എന്ന് പറയുന്നുണ്ട്.)

? ഒരു സ്റ്റാന്റിംഗ് കമ്മിറ്റി എടുത്ത തീരുമാനത്തിൽ മാറ്റം വരുത്താൻ പഞ്ചായത്തിന്/നഗരസഭ കൗൺസിലിന് അധികാരമുണ്ടോ?

ഉണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കുന്ന ഏതൊരു പ്രമേയവും പഞ്ചായത്തിന്റെ/നഗരസഭ കൗൺസിലിന്റെ അടുത്ത യോഗത്തിൽ വെയ്ക്കേണ്ടതും ആവശ്യമുള്ള പക്ഷം വേണ്ട മാറ്റം വരുത്തുവാൻ പഞ്ചായത്തിന്/മുനിസിപ്പൽ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(കേരള പഞ്ചായത്ത് രാജ് ആക്ട് - വകുപ്പ് 162എ (3), കേരള മുനിസിപ്പാലിറ്റി ആക്ട് --വകുപ്പ് 22(3))

?റേഷൻ കടകളെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

നിലവിലുള്ള പഞ്ചായത്ത്/മുനിസിപ്പൽ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം റേഷൻ വ്യാപാരികളെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. (പഞ്ചായത്ത്/നഗരകാര്യ വകുപ്പ് ഡയറക്ടർമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർ 22.01.2019ലെ സി.എസ്.എ.9 - 764/2019 ാം നമ്പർ കത്ത് പ്രകാരം ഈ വിവരം എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും അറിയിച്ചിട്ടുള്ളതാണ്.)

?എന്താണ് കെ.സ്വിഫ്റ്റ്

സംരംഭകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഓൺ ലൈൻ വെബ് പോർട്ടലാണ് കെ- സ്വിഫ്റ്റ് (കേരള സിംഗിൾ വിന്റോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പരന്റ് ക്ലിയറൻസ്- കെ - സ്വിഫ്റ്റ്).

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ്(ksidc) വെബ് പോർട്ടലിന്റെ ഉപജ്ഞാതാക്കൾ. സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്നവർക്കും നിലവിലെ സംരംഭകർക്കും ഓൺലൈനായി വിവിധ വകുപ്പുകളുടെ അനുമതിയ്ക്കായി അപേക്ഷിക്കാനും നിശ്ചിത സമയത്തിനകം അവ കരസ്ഥമാക്കാനും കഴിയുന്ന വെബ് പോർട്ടൽ സംവിധാനമാണിത്.

14 വകുപ്പുകളിലെ സേവനമാണ് ഈ ഏകജാലക സംവിധാനത്തിലൂടെ ഉറപ്പാക്കുന്നത്. ഇതിൽ പഞ്ചായത്തുകളും നഗരസഭകളും ഉൾപ്പെടുന്നു.

ഏഴു സുപ്രധാന ആക്റ്റുകളിൽ ഭേദഗതികൾ വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് ആക്റ്റ് (2018) എന്ന പേരിൽ ഒരു നിയമം പാസ്സാക്കിയതിലൂടെയാണ് വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുള്ള ഈ സംരംഭം നിലവിൽ വന്നത്. എല്ലാ വകുപ്പുകളിലേക്കുമായി ഒരു അപേക്ഷ മാത്രം പൂരിപ്പിച്ചാൽ മതിയാകും. അപേക്ഷയുടെ തുടർ നടപടി വിലയിരുത്താൻ ട്രാക്കിങ് സംവിധാനവും ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കെട്ടിട നിർമാണ അപേക്ഷ (ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അടക്കം) ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങളാണ് ഈ വെബ് പോർട്ടലിൽ ലഭ്യമാകുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കപ്പെട്ടില്ലെങ്കിൽ അപേക്ഷകന് അനുമതി(deemed) ലഭിച്ചതായി കണക്കാക്കും. വെബ്സൈറ്റ് - kswift.kerala.gov.in

കാര്യശേഷി പരിശീലനം സംഘടിപ്പിച്ചു

ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കുള്ള കാര്യശേഷി വികസന പരിശീലന പരിപാടിയിൽ കൃഷിവകുപ്പ് അസി.ഡയറക്റ്റർ സുജിത് പി.ജി. ക്ലാസെടുക്കുന്നു.

ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കുള്ള കാര്യശേഷി വികസന പരിശീലന പരിപാടി കിലയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ നിന്നായി 30ഓളം പേരാണ് മെയ് ആറ് മുതൽ എട്ടുവരെ നടന്ന പരിശീലന പരിപാടിയിൽ സംബന്ധിച്ചത്.

ഗ്രാമപഞ്ചായത്ത് സമഗ്ര വികസനത്തിലേക്കുള്ള ചുവടുവെപ്പുകൾ എന്ന വിഷയത്തിൽ സി.പി.സുനിലും ക്ലാസെടുത്തു.

സുസ്ഥിര വികസന ലക്ഷ്യങ്ങളും,സാധ്യതകളും എന്ന വിഷയത്തിൽ കില സീനിയർ ട്രെയ്നിങ് കോർഡിനേറ്റർ അനു റോയി,ഉയർന്ന ഉപജീവന മാർഗ്ഗമുള്ള ഗ്രാമവും കാർഷിക മേഖലയും - സുജിത് .പി.ജി (അസി.ഡയറക്റ്റർ-കൃഷി വകുപ്പ്), മൃഗസംരക്ഷണവും ക്ഷീര വികസനവും സുസ്ഥിര വികസന സാധ്യതകളും ഡോ.ഉഷാറാണി,പ്രാദേശിക സാമ്പത്തിക വികസനം സംരംഭകത്വവും നൂതന ആശയങ്ങളും വി.ജി.ശശികുമാർ,ആരോഗ്യ ഗ്രാമം-കെ.ചന്ദ്രൻ തുടങ്ങിയവരും ക്ലാസുകൾ എടുത്തു.

രണ്ടാംദിവസമായ മെയ് എട്ടിന് പി.വി.പദ്മനാഭൻ-പഞ്ചായത്തുകളുടെ നൂതനവും മാതൃകാപരവുമായ പ്രൊജക്റ്റുകളുടെ അവതരണം,ബാലസൗഹൃദ തദ്ദേശ ഭരണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്തപ്പോൾ ജെൻഡർ സൗഹൃദ തദ്ദേശ ഭരണം - പ്രീതി ഉണ്ണികൃഷ്ണൻ, സാമൂഹ്യ സുരക്ഷിത ഗ്രാമം-ഭിന്നശേഷി സൗഹൃദ വയോജന സൗഹൃദ പദ്ധതി സാധ്യതകൾ-ഡോ.ദീലീപ് കുമാർ,ജല സമൃദ്ധഗ്രാമം-ശുചിത്വ ഗ്രാമം-ബാബുകുമാർ കെ.സി,ഹരിതാഭമായ ഗ്രാമം ഡോ.ശ്രീകുമാർ എന്നിവരുംക്ലാസുകളെടുത്തു.

യോഗ നടപടി ക്രമങ്ങൾ കില കൺസൾട്ടന്റ് ആർ. ബാലഗംഗാധരനും സാമൂഹിക സുരക്ഷാ പെൻഷനുകളും ധനസഹായങ്ങളും റിസോഴ്സ് പെഴ്സൺ എ.കെ.രാമനാഥപ്പിള്ളയും, സദ്ഭരണം കില കൺസൾട്ടന്റ് എം.രേണുകുമാറും അവതരിപ്പിച്ചു.

മൂന്നാം ദിവസം ക്ലാസുകൾക്ക് പുറമെ പഞ്ചായത്ത് തല ടീം ബിൽഡിങ് &ലീഡർഷിപ്പ് എന്ന വിഷയത്തിൽ റിസോഴ്സ് പെഴ്സൺ കൃഷ്ണ എച്ച് ക്ലാസെടുത്തു.

സീനിയർ കില ട്രെയ്നിങ് കോർഡിനേറ്റർ ദീപക് എ.ഡി പ്രോഗ്രാം കോർഡിനേറ്ററായി.

www.kila.ac.in

കിലയുടെ സെന്റർ ഫോർ അർബൻ ഗവേണൻസ്

നഗര വത്കരണത്തിനും അതിലൂടെ വലിയ വികസനത്തിനും അനന്തമായ സാധ്യതകളുള്ള സംസ്ഥാനമാണ് കേരളം. വികസനത്തിന്റെ ഏതു ഘട്ടമെടുത്തു നോക്കിയാലും ടൂറിസം,ഭവനം,പൊതുമരാമത്ത്,വ്യവസായം ഐടി മേഖലകളിലെല്ലാം നഗരവത്കരണം വലിയ സ്വാധീനമാണ് ചെലുത്തുന്നതെന്ന് കാണാം. നാടിന്റെ ഭാവി വികസന വഴികളിൽ ആസൂത്രിത നഗരവത്കരണത്തിലൂടെ പുതിയ മാനം നൽകുകയാണ് കിലയുടെ സെന്റർ ഫോർ അർബൻ ഗവേണൻസ്. യുനെസ്കോയുടെ പട്ടികയിൽ സാഹിത്യ നഗരമായി ഇടം പിടിയ്ക്കാനുള്ള കോഴിക്കോടിന്റെ യാത്രയ്ക്ക് വഴികാട്ടിയായതു മുതൽ വീണ്ടും നേട്ടങ്ങളിലേക്കു നടന്നടുക്കുന്ന സംസ്ഥാനത്തെ മറ്റു നഗരങ്ങളുടെ യാത്രയെ അനുധാവനം ചെയ്യുന്നതും അർബൻ സെന്ററാണ്. നഗര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിശ്രമങ്ങൾക്ക് വഴികാട്ടി എന്ന നിലയിലും കിലയുടെ സെന്റർ ഫോർ അർബൻ ഗവേണൻസ് സ്വന്തമായൊരു അടയാളം കുറിച്ചിട്ടുണ്ട്. നഗരവത്കരണവും വികസന സാധ്യതകളും പഠനവിധേയമാക്കുക മാത്രമല്ല, നഗരഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുകയും ചെയ്യുക എന്നതും സെന്റർ ഓഫ് അർബൻ ഗവേണൻസ് ചെയ്തു വരുന്നു. 93മുനിസിപ്പാലിറ്റികളെയും 427 നഗരപ്രദേശങ്ങളെയും(സെൻസസ് ടൗൺ) ഉൾപ്പെടുത്തി ഗവേഷണങ്ങൾ സംഘടിപ്പിക്കുകയും ഇതിലേക്ക് വിവിധ ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളെ സഹകരിപ്പിക്കുകയുമെല്ലാം കിലയുടെ നേതൃത്വത്തിലാണ് ചെയ്തു വരുന്നത്. ഇതിന്റെ ഭാഗമായി അർബൻ ഡയലോഗ്സ് പോലുള്ള വിദഗ്ധ പാനൽ ചർച്ചകൾ രൂപീകരിച്ച് ആശയങ്ങൾ സ്വരൂപിക്കുന്നതുൾപ്പെടെ വിപുലമായ പ്രവർത്തന പരിപാടികളാണ് നിർവ്വഹിച്ചു വരുന്നത്. പരിശീലനങ്ങളിൽ മാത്രം ഒതുങ്ങാതെ കൂടെ ചേർത്തു നിർത്തിയുള്ള പ്രായോഗിക പരിപാടികൾക്കായി തീമാറ്റിക് അപ്രോച്ചിലൂടെ ഓരോ കോർപ്പറേഷനിലെയും പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യവുമാകുന്നുണ്ട് അർബൻ സെന്റർ. ഇതിലൂടെ ഓരോ നഗരത്തെയും അവിടുത്തെ പ്രശ്നങ്ങളെയും മാറ്റങ്ങളെയും കൂടുതൽ അടുത്തറിയുകയും അതിനനുസൃതമായി സംഘടനാശേഷി വികസന തന്ത്രങ്ങൾ ആവിഷ്കരിയ്ക്കുകയും ചെയ്യുന്നു.

കേരള അർബൻ പോളിസി കമ്മീഷൻ

കേരള അർബൻ പോളിസി കമ്മീഷന്റെ ടെക്നിക്കൽ സെക്രട്ടേറിയറ്റ് ആയി പ്രവർത്തിച്ചു വരുന്നത് കിലയുടെ സെന്റർ ഓഫ് അർബൻ ഗവേണൻസ് ആണ്. കമ്മീഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിവിധഅക്കാഡമിക്-ഗവേഷണ ആവശ്യങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാനായി കില സെന്റർ ഓഫ് അർബൻഗവേണൻസിന്റെ കീഴിലാണ് അർബൻ പോളിസിസെൽ രൂപീകരിച്ചിരിക്കുന്നത്. സാങ്കേതികമായ ചർച്ചകൾക്കും പഠനങ്ങൾക്കും മാത്രമല്ല, യൂണിസെഫ് ഇന്ത്യയുടെ പിന്തുണയോടെ ചിൽഡ്രൻ കമ്മീഷൻ ഫോർ അർബൻ ഫ്യൂച്ചർ യുനെസ്കോ ചെയർഫോർ കമ്മ്യൂണിറ്റി റിസർച്ചിന്റെ സഹകരണത്തോടെ സിറ്റിസൺസ് റിപ്പോർട്ട് തയ്യാറാക്കാനും പോളിസി സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തലത്തിൽ നിന്നുൾപ്പടെയുള്ള വിദ്യാഭ്യാസ/നയവിദഗ്ധരുമായി ആശയ സമാഹരണ ലക്ഷ്യത്തോടെ നടക്കുന്ന കേരള അർബൻ ഡയലോഗ് ചർച്ചകളുടെ സംഘാടനം മാത്രമല്ല, അർബൻ പോളിസി കമ്മീഷനു വേണ്ടി ഡോക്യുമെന്റേഷൻ ചുമതലകൾ നിർവ്വഹിയ്ക്കുന്നതും കിലയുടെ അർബൻ സെന്ററാണ്.

കേരള അർബൻ ഡയലോഗ്സ് സീരീസ്

സംസ്ഥാന നഗരനയരൂപീകരണത്തെ പിന്തുണയ്ക്കാനായി ലോകമെമ്പാടുമുള്ള നഗര മേഖലയിലെ ഏറ്റവും നൂതനമായ അറിവും മികച്ച പ്രവർത്തനങ്ങളും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള അർബൻ ഡയലോഗ്സിന് തുടക്കമായത്. നഗരവൽക്കരണത്തിന്റെ പ്രസക്തമായ വിഷയങ്ങളിൽ പ്രതിമാസ ചർച്ചകൾ സംഘടിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. 30 മാസം നീണ്ടു നിൽക്കുന്ന 30 ചർച്ചകൾ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയിൽ കിലയുടെ സെന്റർ ഫോർ അർബൻ ഗവേണൻസ് രാജ്യത്തെ പ്രമുഖ ദേശീയ അക്കാദമിക് സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ ഡയലോഗ് സെഷനുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. വേൾഡ് ബാങ്ക്,യുണിസെഫ്,നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ്, ഗ്ലോബൽ ഡിസൈൻ സിറ്റീസ് ഇനീഷ്യേറ്റീവ്,എഎഫ്ഡി,യുനെസ്കോ-എംജിഐഇപി,ഡബ്ല്യുആർഐ ഇന്ത്യ,ജർമ്മൻ ബാങ്ക്(കെഎഫ്ഡബ്ല്യു)എന്നിവരാണ് ഇതിന്റെ പോളിസി ഗ്ലോബൽ പാർട്ട്ണർമാർ. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ,സിഇപിറ്റി സർവ്വകലാശാല,ഐഐടി കാരഗ്പൂർ,ഐഐടി റൂർക്കി,ഐഐഎസ്ടി തിരുവനന്തപുരം,എൻഐടി കാലിക്കറ്റ്, എസ്പിഎ ഡൽഹി,എസ്പിഎ ഭോപ്പാൽ,എസ്പിഎ വിജയവാഡ തുടങ്ങി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അർബൻ ഡയലോഗിന്റെ അക്കാഡമിക് പാർട്ട്ണർമാർ.

കിലയും-യുനെസ്കോ എംജിഐഇപിയും തമ്മിലുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ വേളയിൽ കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമണും എംജിഐഇപി ഡയറക്റ്റർ അനന്ത ദുരൈയപ്പയും.

സർഗ്ഗാത്മക നഗര സമ്പദ് വ്യവസ്ഥ

സാമൂഹികവും,ബൗദ്ധികവുമായ ഒരുപാട് പുരോഗതി നേടിയ സമൂഹമെന്ന നിലയ്ക്ക് കേരളത്തിലെ നഗരങ്ങൾ സാമ്പത്തികവും, വൈജ്ഞാനികവുമായ വളർച്ചയ്ക്ക് വൈയക്തികവും, കൂട്ടായതുമായസർഗ്ഗശേഷിയെ പോഷിപ്പിയ്ക്കേണ്ടതുണ്ട്. ഇതിൽനിന്നാണ് നഗരാസൂത്രണത്തിലും നഗരഭരണത്തിലും സർഗ്ഗശേഷിയുടെ സാധ്യതകൾ അന്വേഷിച്ചു തുടങ്ങിയത്. ഇതിന്റെ ഭാഗമായി കേരളത്തിലെ ഓരോ നഗരങ്ങളെയും ലോക ഭൂപടത്തിൽ അടയാളപ്പെടുത്തുകയെന്ന ആശയം കിലയുടെ അർബൻ സെന്ററിന്റേതായിരുന്നു. 2004മുതലാണ് യുനെസ്കോ ക്രിയേറ്റീവ് സിറ്റീസ് നെറ്റ്വർക്ക് എന്ന പേരിൽ നഗരങ്ങൾക്ക് വിവിധ പേരുകൾ നൽകുന്ന പദ്ധതിയ്ക്ക് തുടക്കമിട്ടത്. ലോക ഭൂപടത്തിൽ നഗരങ്ങൾ ഓരോ ടാഗുകളിൽ അടയാളപ്പെടുത്തുന്നത് ഓരോ നാടിന്റെയും വികസന സാധ്യതകൾക്ക് ഏറെ ഗുണം ചെയ്യും. തീം അടിസ്ഥാനമാക്കിയുള്ള വികസന ചട്ടക്കൂടിലൂടെ അതത് നഗരങ്ങളുടെ വികസനത്തിന് വഴികാട്ടുന്നതിനായി കേരളത്തിലെ ആറുനഗരങ്ങൾക്കായി വ്യത്യസ്ത ടാഗുകളെന്ന ആശയം കില മുന്നോട്ടുവച്ചു. ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഓരോന്നിനും വ്യതിരിക്തമായ തീമുകളാണ് കില ചൂണ്ടിക്കാട്ടിയത്. തൃശൂർ ലേണിങ് സിറ്റിയും, കോഴിക്കോട് സാഹിത്യ നഗരവും

തൃശൂർ: ലേണിംഗ് സിറ്റി

തൃശൂർ കോർപ്പറേഷനും കില സെന്റർ ഫോർ അർബൻ ഗവേണൻസും സംയുക്തമായി സ്കൂൾ ഓഫ് ആർക്കിടെക്ചർ&പ്ലാനിംഗിന്റെ സഹകരണത്തോടെ നടത്തിയ ഒരു വർഷത്തോളം നീണ്ട പ്രവർത്തനമാണ് തൃശൂരിനെ യുനെസ്കോ അംഗീകാരമുള്ള ലേണിങ് സിറ്റിയാക്കിയത്. സെപ്റ്റംബർ 2022ലാണ് തൃശൂരിന് ലേണിങ് സിറ്റിയെന്ന യുനെസ്കോ അംഗീകാരം ലഭിയ്ക്കുന്നത്. ലേണിങ് സിറ്റിയെന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ തൃശൂരിന്റെ ബൗദ്ധിക-സാംസ്കാരിക മേഖലകളിലേയ്ക്ക് വിവിധ ആശയങ്ങളും അവസരങ്ങളും മുഖ്യധാരയാക്കുന്നതിന് കോൺഫറൻസ് ഓൺ ലേണിംഗ്, പ്ലേഫുൾ ആൻഡ് ലിവബിൾ തൃശൂർ, ഫാമിലി ഫ്രണ്ട്ലി ഡേ, തൃശൂർ ചിൽഡ്രൻസ് കൗൺസിൽ തുടങ്ങിയ വിവിധ സംരംഭങ്ങൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ കിലയുടെ നേതൃത്വത്തിൽ, സുരക്ഷിതവും ആരോഗ്യകരവുമായി ഇടപഴകുന്നതിന് തെരുവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ ഡിസൈനിംഗ് സിറ്റീസ് ഇനിഷ്യേറ്റീവ് (GDCI) 20 ആഗോള നഗരങ്ങളിൽ ഒന്നായി തൃശൂർ നഗരത്തെ തിരഞ്ഞെടുത്തത് ശ്രദ്ധേയമാണ്. 2022ലെ റിയൽപ്ലെ സിറ്റിചലഞ്ചിൽ 90 അപേക്ഷകളിൽ നിന്നും തെരഞ്ഞെടുത്ത 27 നഗരങ്ങളിലൊന്ന് തൃശൂരായിരുന്നു. എല്ലാവർക്കും കളിയ്ക്കാനുള്ള അവസരം എന്ന ആശയം മുന്നോട്ടുവയ്ക്കുകയായിരുന്നു ഇതുകൊണ്ട് ലക്ഷ്യമിട്ടത്. 2022 ലാണ് തദ്ദേശ സ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് തൃശൂരിനെ ലേണിങ് സിറ്റിയാക്കിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തുന്നത്. ഇതിലൂടെ ദേശീയ തലത്തിൽ തൃശൂരിനെ വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുകയെന്ന രാമവർമ്മ രാജാവിന്റെ നൂറു വർഷം പഴക്കമുള്ള വീക്ഷണമാണ് സാർത്ഥകമായത്. 2023 നവംബറിൽ തൃശൂർ കോർപ്പറേഷൻ ഒരു ലേണിങ് സിറ്റി ഓഫീസ് തുറക്കുകയും അതു വികസിപ്പിക്കാൻ കിലയെ ചുമതലപ്പെടുത്തുകയും ചെയ്തു.

കൊച്ചി ഡിസൈൻ ഫെല്ലോഷിപ്പുമായി ബന്ധപ്പെട്ട് എൻ.ഐ.ഡി വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ കൊച്ചി മേയർ എം. അനിൽകുമാർ വിലയിരുത്തുന്നു.

കൊച്ചി സിറ്റി ഓഫ് ഡിസൈനും, തിരുവനന്തപുരം സിറ്റിഓഫ് പീസ്, കൊല്ലംസിറ്റിഓഫ് ബയോഡൈവേഴ്സിറ്റിയും കണ്ണൂർ സിറ്റി ഓഫ് ഫോക് ആന്റ് ആർട്സും എന്ന ടാഗുകളായിരുന്നു മുന്നോട്ട് വച്ചത്. ഇത് കോർപ്പറേഷനുകൾക്കു മുന്നിൽ അവതരിപ്പിക്കുക മാത്രമല്ല തുടർ പ്രവർത്തനങ്ങൾക്കുള്ള ആശയവും അക്കാദമിക് പിന്തുണയുമെല്ലാം അർബൻ സെന്റർ ഒരുക്കി. അർബൻ പ്ലാനിങ് വിദ്യാർത്ഥികളെ ഇന്റൺഷിപ്പിന് അയച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയതും സഹകരിക്കാനുള്ളസ്ഥാപനങ്ങളെ കണ്ടെത്തി നൽകിയതും ഒക്കെ കിലയുടെ മേൽ നോട്ടത്തിലായിരുന്നു.

യുനെസ്കോ സാഹിത്യനഗരം

കോഴിക്കോട് നഗരത്തിന്റെ ആഴത്തിൽ വേരൂന്നിയ സാംസ്കാരിക-സാഹിത്യ പൈതൃകം കണക്കിലെടുത്ത് 2021-ൽ കോഴിക്കോടിനെ യുനെസ്കോയുടെ അംഗീകാരമുള്ള സാഹിത്യ നഗരമാക്കാനുള്ള കിലസെന്റർ ഫോർ അർബൻ ഗവേണൻസിന്റെ നിർദ്ദേശം കോർപ്പറേഷൻ അംഗീകരിച്ചു. നിർദ്ദേശത്തിന്റെ പ്രാരംഭ ഘട്ടത്തിൽ, നഗരത്തെയും അതിന്റെ സാഹിത്യ സ്ഥാപനങ്ങളെയും രേഖപ്പെടുത്തുന്നതിനായി കില നിരവധി അക്കാദമിക് ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കോഴിക്കോടിനും പ്രാഗിനും ഇടയിൽ താരതമ്യ പഠനം നടത്തുകയും മേയറുടെ എസ്ഡിജി ഫെലോഷിപ്പ് പ്രോഗ്രാമിലൂടെ നഗരത്തിന്റെ ഡോക്യുമെന്റേഷൻ ചെയ്യുകയും ചെയ്തു. കിലയുടെ നേതൃത്വത്തിൽ കോർപ്പറേഷൻ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ രൂപീകരിച്ചു. ഒടുവിൽ 2023-ന്റെ തുടക്കത്തോടെ യുനെസ്കോയ്ക്ക് സമർപ്പിച്ച നിർദ്ദേശം, കില വിവിധ അക്കാദമിക് സ്ഥാപനങ്ങൾ വഴി നടത്തിയ എല്ലാ ഗവേഷണ പ്രവർത്തനങ്ങളും സമാഹരിച്ച്, യുനെസ്കോ ക്രിയേറ്റീവ് സിറ്റിസ് നെറ്റ്വർക്ക് 2023 ഒക്ടോബർ 31-ന് കോഴിക്കോടിനെ സാഹിത്യനഗരമായി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

ഇന്ത്യയിലെ എട്ട് യുനെസ്കോ സർഗ്ഗാത്മക നഗരങ്ങളിൽ ആദ്യത്തെ സാഹിത്യ നഗരമാണ് കോഴിക്കോട്. *(തുടരും)*

KILA News Letter Published by Dr. Joy Elamon, Director General, Kerala Institute of Local Administration, Mulamkunnathukavu(P.O), Thrissur-680 581 (for Private Circulation)